**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6684** **11-07-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം താലൂക്കിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത പഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം താലൂക്കിൽ 2024 വർഷം എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത പഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ എണ്ണവും സി.ബി.എസ്. ഇ . സിലബസിൽ പത്താം ക്ലാസ്സ് വിജയിച്ച വിദ്യാർത്ഥികളുടെ എണ്ണവും വ്യക്തമാക്കുമോ; | (എ) | മഞ്ചേശ്വരം താലൂക്കിൽ 2024 വർഷം എസ്.എസ്.എൽ.സി. പരീക്ഷയിൽ 4058 പേർ ഉന്നതപഠനത്തിന് യോഗ്യത നേടിയിട്ടുണ്ട്. സി.ബി.എസ്.ഇ പത്താംക്ലാസ്സ് സംബന്ധിച്ച വിവരം പൊതുവിദ്യാഭ്യാസ വകുപ്പിൽ ലഭ്യമല്ലാത്തതിനാൽ സി.ബി.എസ്.ഇ റീജിയണൽ ഓഫീസറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ടി വിവരം നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത താലൂക്കിൽ ഹയർ സെക്കണ്ടറിയിൽ എത്ര ബാച്ചുകൾ/സീറ്റുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 33 സ്ഥിരബാച്ചുകളും 5 താൽക്കാലിക ബാച്ചുകളും ഉൾപ്പെടെ ആകെ 2405 സീറ്റുകൾ മഞ്ചേശ്വരം താലൂക്കിൽ ലഭ്യമാണ്. |
| (സി) | പ്രസ്തുത താലൂക്കിൽ മറ്റ് താലൂക്കുകളെക്കാൾ പ്ലസ്ടു സയൻസ് പഠനത്തിന് സീറ്റുകൾ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി ജി.എച്ച്.എസ്.എസ്. ഉപ്പള, ജി.എച്ച്.എസ്.എസ്. മംഗൽപാടി, ജി.വി.എച്ച്.എസ്.എസ് മൊഗ്രാൽ, ജി.എച്ച്.എസ്.എസ്. അംഗഡി മൊഗർ എന്നീ സ്കൂളുകളിൽ ഈ വർഷം സയൻസ് ബാച്ച് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | ഇക്കാര്യം പരിശോധിച്ചുവരുന്നു. |
| (ഡി) | മഞ്ചേശ്വരം താലൂക്കിൽ എസ്.എസ്.എൽ.സി. കഴിഞ്ഞ എല്ലാ കുട്ടികൾക്കും തുടർ പഠനത്തിന് സൗകര്യം ഏർപ്പെടുത്തുന്നതിനായി അധിക ബാച്ചുകൾ തുടങ്ങുന്നതിനും ഹൈസ്കൂളുകൾ ഹയർ സെക്കണ്ടറിയായി അപ്ഗ്രേഡ് ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ